(7) അമ്പലപ്പാറ ശുദ്ധജല വിതരണ പദ്ധതി

10 a.m. ശ്രീ. വി.സി. കബീർ : സർ, ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ അമ്പലപ്പാറ പഞ്ചായത്തിൽ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി 1981-ൽ പ്രോബ്ലം വില്ലേജ് സ്കീം പ്രകാരം നാൽപ്പത്തിയൊൻപത് ലക്ഷം രൂപ ചെലവിൽ ഒരു പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു. അതിന്റെ പണി ഒച്ചിഴയുന്ന വേഗതയിലാണ് നടക്കുന്നത്. അമ്പലപ്പാറ ഒരു വരൾച്ചബാധിത പ്രദേശമാണ്. അവിടെ കുടിനീര് കിട്ടാൻ വിഷമമാണ്. ലോറിയിലാണ് ഇപ്പോഴും വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായി ഈ ശുദ്ധജല വിതരണ പദ്ധതി പ്രാവർത്തികമാക്കാൻ കരുണ കാണിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, ഈ പദ്ധതിക്ക് 1983-ലാണ് അംഗീകാരം കൊടുത്തത്. ടോരപ്പ് യാണ് ഇതിന്റെ സോഴ്സ്. അതിന്റെ ഉറവിടത്തിന്റെ പണി തീർന്നു. ഡിസ്ട്രിബ്യൂഷൻ സിസ്റ്റം 90 ശതമാനമായി. പമ്പിംഗ് മെയിനിന്റെ അവസാന ഘട്ടത്തിലേക്കുള്ള പണി ഇനിയും നടക്കണം. അതിന് 5500 മീറ്റർ സ്റ്റീൽ പൈപ്പ് വേണം. അതുകൂടെ കിട്ടിയാൽ അതിന്റെ നടപടികൾ ത്വരിതപ്പെടുത്താൻ കഴിയും. അതിനുള്ള നടപടികൾ തീർച്ചയായും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(8) കുഴൽമന്ദം പഞ്ചായത്തിലെ കൃഷ്ണദാസിന്റെ കൊലപാതകം

ശ്രീ. ടി. കെ. അറുമുഖൻ : എന്റെ നിയോജക മണ്ഡലത്തിൽ കുഴൽമന്ദം പഞ്ചായത്തിൽ പുല്ലുപ്പാറയിൽ പ്രീ-ഡിഗ്രി വിദ്യാർത്ഥിയായ കൃഷ്ണദാസിന്റെ മൃതദേഹം അയാളുടെ വീടിനടുത്തുള്ള ഒരു കൊക്കർണ്ണിയിൽ കെട്ടി താഴ്ത്തിയ നിലയിൽ 18-10-1986-ന് കാണപ്പെട്ടു. അഴുകിതുടങ്ങിയ മൃതദേഹം കാലിൽ കെട്ടിയിട്ടിരുന്ന സർവ്വേ കല്ല് എടുത്ത് മാറിയ ശേഷമാണ് പുറത്തെടുത്തത്. കൊല നടന്നിട്ട് നാലു ദിവസമായിയെന്നാണ് സംശയിക്കുന്നത്. പോലീസ് ഈ മരണം സ്വാഭാവിക മരണമാണെന്ന് അവിടെ വച്ചുതന്നെ പറഞ്ഞു. അതിൽ പ്രതിഷേധിച്ചുകൊണ്ട് അവിടെ ഒരു സർവ്വകക്ഷി ആക്ഷൻ കമ്മിറ്റി രൂപീകരിച്ച്, ഇത് കൊലപാതകമാണ് ആത്മഹത്യയല്ല എന്ന് വരുത്തിത്തീർക്കാൻ വേണ്ടിയുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. അയാളെ തല്ലിക്കൊന്ന് കൊക്കർണ്ണിയിൽ താഴ്ത്തിയിട്ടതാണ്. അതിനെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരായ ആളുകളുടെ പേരിൽ നടപടിയെടുത്ത് മാതൃകാപരമായ ശിക്ഷ നൽകാനുള്ള നടപടിയെടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കൃഷ്ണദാസ് എന്നു പറയുന്ന വിദ്യാർത്ഥി മൂന്നുമാസമായി മാത്തൂരിലുള്ള വാസു എന്നുവിളിക്കുന്ന പുഷ്പരായനുമായി ഒരേ വീട്ടിലാണ് താമസിച്ചുവന്നത്. 15-10-1986-ൽ അമ്മയുമായിട്ട് വഴക്കുണ്ടായിട്ട് വീട്ടിൽനിന്നും പുറത്തുപോയി. 18-ാം തീയതി രാവിലെ പതിനൊന്ന് മണിക്ക് ഒരു അജ്ഞാത മൃതദേഹം കൊക്കർണ്ണിയിലുള്ളതായിട്ട് വിവരം കിട്ടി. ഇതിനെക്കുറിച്ച് അന്വേഷിച്ചതിൽ കൃഷ്ണദാസുമായിട്ട് ആർക്കും വിരോധമോ വഴക്കോ ഉള്ളതായി അറിയാൻ സാധിച്ചിട്ടില്ല. പോസ്റ്റ്മാർട്ടം കഴിഞ്ഞ് അതിന്റെ റിപ്പോർട്ടിനായി തിരുവനന്തപുരത്ത് അയച്ചിരിക്കുകയാണ്. പോസ്റ്റുമാർട്ടം റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly